(ഡി) സ്ഥിരം ജീവനക്കാരുടെ അഭാവത്തിൽ കൂടുതൽ താല്കാലിക ജീവനക്കാരെ നിയമിച്ച് കാര്യങ്ങൾ നിർവഹിക്കുന്നതിലൂടെ പരീക്ഷയുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമല്ലാതായിരിക്കുന്നു എന്ന വ്യാപകമായ പരാതി സർക്കാർ പരിശോധിക്കാത്തതെന്താണ്;

(ഇ) വകുപ്പിലെ ജോലി ഭാരം വർദ്ധിച്ചതനുസരിച്ച് സ്ഥിരം ജീവനക്കാരുടെ തസ്തികകൾ അനുവദിച്ച് പ്രവർത്തനങ്ങൾ കാര്യക്ഷമവും കുറ്റമറ്റതുമാക്കിത്തീർക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 899 സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളും 524 എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളുമാണ് നിലവിലുള്ളത്. പ്രസ്തുത സ്കൂളുകളിൽ 22547 അദ്ധ്യാപകരുടെ തസ്തികകളും 2476 അദ്ധ്യാപകേതര (ലാബ് അസിസ്റ്റന്റ്) തസ്തികകളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ 225720 സീറ്റുകളാണ് നിലവിലുള്ളത്.

(ബി) 204 ജീവനക്കാർ.

(സി) മുതൽ (ഇ) വരെ ഹയർസെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിന് കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ കേന്ദ്രങ്ങളിലായി മൂന്ന് മേഖലാ ഓഫീസുകൾ തുടങ്ങിയിട്ടുണ്ട്. ഓരോ മേഖലാ ഓഫീസും ഓരോ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ കീഴിലാണ് പ്രവർത്തിക്കുന്നത്. ഈ മൂന്ന് ഓഫീസുകളിലായി ആകെ 57 ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ നിർവഹിച്ചിരുന്ന പല പ്രധാന അക്കാദമിക്, ഭരണപരവുമായ ജോലികൾ ഇപ്പോൾ ഈ മേഖലാ ഓഫീസുകളിലാണ് നിർവഹിക്കപ്പെടുന്നത്. 1-11-2005 മുതൽ ഈ മൂന്ന് മേഖലാ ഓഫീസുകളും പൂർണ്ണ തോതിൽ പ്രവർത്തിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ ഡയറക്ടറേറ്റിലെ ജോലിഭാരം ഗണ്യമായി കുറഞ്ഞിട്ടുള്ളതിനാൽ നിലവിലുള്ള ജീവനക്കാർ പര്യാപ്തമാണ്.

വൈദ്യുതി ഇടപാട് സംബന്ധിച്ച ലൈസൻസിനും ലൈസൻസ് റദ്ദാക്കലിനുമുള്ള ഫീസ്

39 [337] ശ്രീ. പി. ജെ. ജോയി:
,, ഇ. എം. അഗസ്തി:
,, എം. എം. ഹസ്സൻ:
,, കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഇടപാട് സംബന്ധിച്ച ലൈസൻസിനും ലൈസൻസ് റദ്ദാക്കലിനും മറ്റു കാര്യങ്ങൾക്കുമുള്ള ഫീസ് നിശ്ചയിക്കുകയുണ്ടായോ; എങ്കിൽ അതു സംബന്ധിച്ച വിശദാംശം നൽകുമോ;

ചോദ്യം നമ്പർ 336-ന്റെ ഉത്തരം ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അയൽ സംസ്ഥാനങ്ങൾ ഇക്കാര്യത്തിന് നിശ്ചയിച്ചിട്ടുള്ള ഫീസ് എത്ര വീതമാണ്;

(സി) ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള ഫീസ് പുതുതായി വ്യവസായം സ്ഥാപിക്കാൻ വരുന്നവരെ നിരുത്സാഹപ്പെടുത്തുവാൻ ഇടയാക്കുമോ?

ഉത്തരം

(എ) ഇല്ല. 2003-ലെ ഇലക്ട്രിസിറ്റി ആക്ട് പ്രകാരം വൈദ്യുതി ഇടപാട് സംബന്ധിച്ച് ലൈസൻസ് നൽകുന്നതിനും ലൈസൻസ് റദ്ദാക്കലിനും ഫീസ് നിശ്ചയിക്കേണ്ടത് സംസ്ഥാന ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷനാണ്. കമ്മീഷൻ ഇതു സംബന്ധിച്ച കരട് റഗുലേഷൻ തയ്യാറാക്കി സർക്കാരിന്റെ അഭിപ്രായത്തിനായി നൽകിയിട്ടുണ്ട്. ഇത് സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) ഉദിക്കുന്നില്ല.

പള്ളിവാസൽ, പന്നിയാർ, ചെങ്കുളം പദ്ധതികളുടെ നവീകരണം സംബന്ധിച്ച് വിജിലൻസ് അന്വേഷണം

40 [338] ശ്രീ. ടി. യു. രാധാകൃഷ്ണൻ:
പ്രൊഫ. കെ. വി. തോമസ്:
ശ്രീ. കെ. സി. ജോസഫ്:
,, എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിവാസൽ, പന്നിയാർ, ചെങ്കുളം പദ്ധതികളുടെ നവീകരണം സംബന്ധിച്ച് എസ്. എൻ. സി. ലാവ്‌ലിൻ നൽകുമെന്ന് വാഗ്ദാനം ചെയ്തിരുന്ന തുക ലഭിക്കാത്ത സാഹചര്യത്തെപ്പറ്റി വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച അന്വേഷണം ഏതു ഘട്ടത്തിലിരിക്കുന്നു; എന്നത്തേക്ക് അന്വേഷണം പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അന്വേഷണം പൂർത്തിയായി. റിപ്പോർട്ട് വിജിലൻസ് ഡയറക്ടറുടെ ഓഫീസിൽ സൂക്ഷ്മ പരിശോധനയിലാണ്.

സബ് എഞ്ചിനീയർമാർക്ക് നൽകുന്ന നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്

41 [339] ശ്രീ. പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VI

[8-2-2006ലെ നക്ഷത്ര ചിഹ്നമിടാത്ത 39 [337]-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക]

	തമിഴ്നാട്	ആന്ധ്രാപ്രദേശ്	കർണ്ണാടക	ഗുജറാത്ത്
	Rs.	Rs.	Rs.	Rs.
താരിഫ് നിശ്ചയിക്കുന്നതിന്	മൊത്തം റവന്യൂവരവിന്റെ 0.025%	മെഗാ വാട്ട് ഒന്നിന് 10,000 രൂപ വീതം	മെഗാ വാട്ട് ഒന്നിന് 5,000 രൂപ വീതം	100 മെഗാ വാട്ട് വരെ 10 ലക്ഷം രൂപ
വൈദ്യുതി വാങ്ങൽ കരാർ അംഗീകരിക്കുന്നതിന്	മെഗാവാട്ട് ഒന്നിന് 2,500 രൂപ വീതം		മെഗാവാട്ട് ഒന്നിന് 1,000 രൂപ വീതം	മെഗാവാട്ട് ഒന്നിന് 25,000 രൂപ വീതം
ട്രാൻസ്മിഷൻ ലൈസൻസ് നൽകുന്നതിന്	1 ലക്ഷം	മെഗാവാട്ട് ഒന്നിന് 1,000 രൂപ വീതം	75 ലക്ഷം	മെഗാവാട്ട് ഒന്നിന് 1,000 രൂപ വീതം
ഡിസ്ട്രിബ്യൂഷൻ ലൈസൻസ് നൽകുന്നതിന്	സർക്കാർ നിശ്ചയിക്കുന്ന തുക	വൈദ്യുതി വിൽപ്പനയിൽ നിന്നുള്ള വരുമാനത്തിന്റെ 0.067%	10 ലക്ഷം	വൈദ്യുതി വിൽപ്പനയിൽ നിന്നുള്ള വരുമാനത്തിന്റെ 0.03%
ലൈസൻസ് റദ്ദാക്കുന്നതിന്				10 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly